**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

എസ് എഫ് സി-ബി2/ 47/2017/ധന                    തിരുവനന്തപുരം തീയതി 31/03/2018

**സർക്കുലർ**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് പഞ്ചായത്ത് കമ്മിറ്റി വിയോജിക്കുന്ന സാഹചര്യത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 06/11/2017 തിയതിയിലെ സ ഉ( എം എസ്) 483/2017/ധന നമ്പർ ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് സമഗ്രമായ സർക്കാർ ഉത്തരവ് സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണെന്നും , ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാർ സെക്രട്ടറിമാരിൽ നിക്ഷിപ്തമാണെന്നും, അതിനാൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ എന്നും അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെ കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ടി ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതുമാണെന്നും ഉത്തരവായിരുന്നു. എന്നാൽ അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ , അപേക്ഷകൻ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല എന്ന് റിപ്പോർട്ട് ചെയ്ത ശേഷവും പ്രാദേശിക സർക്കാരിലെ കമ്മറ്റി അതേ വ്യക്തിക്ക് പെൻഷൻ അനുവദിക്കുന്ന സാഹചര്യം സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു:

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രാദേശിക സർക്കാർ കമ്മറ്റിയ്ക്ക് അംഗീകരിക്കാനാകാത്ത സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, പ്രാദേശിക സർക്കാർ സെക്രട്ടറി, ടി പ്രാദേശിക സർക്കാരിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നിവരുടെ സമിതി അപേക്ഷയിന്മേൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്.

2) മേൽ നിർദ്ദേശം എല്ലാ പ്രാദേശിക സർക്കാരുകളും വീഴ്ച കൂടാതെ കണിശമായും പാലിക്കേണ്ടതാണ്.

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ